# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പിറവം നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
## website : www.ksad.kerala.gov.in
## e-mail:lfadekm@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 15.03.2019

നം.കെഎസ്എ-ഇകെഎം (എം.1)9/2019

ജോയിന്റ് ഡയറക്ടർ

ചെയർമാൻ,
പിറവം നഗരസഭ (സെക്രട്ടറി മുഖാന്തിരം)

.സർ,

വിഷയം :- പിറവം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) ഓഫീസ് കോപ്പി

നം.കെ.എസ്.എ-ഇ.കെ.എം(എം.1)9/2019 തീയതി: 15.03.2019

## എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

. എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.08.2017 മുതൽ 31.08.2018 വരെ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് .19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### <u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11 .12.2018 മുതൽ 20.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സുരേഷ്.എസ്., ഓഡിറ്റ് ഓഫീസർ |
| | റസിയ ബീവി ജെ.,ഓഡിറ്റ് ഓഫീസർ |
| | ജലജ.എം.കെ., അസി. ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി എം.,അസി. ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സ്വപ്ന വി., ഓഡിറ്റർ |

### <u>(ബി) നിർവ്വഹണാധികാരികൾ</u>

| സ്ഥാനപ്പേര് | | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| ചെയർമാൻ | | സാബു.കെ.ജേക്കബ് | 01.04.2017 | 31.03.2018 |
| വൈസ് ചെയർപേഴ്സൺ | | അന്നമ്മ ഡോമി | 01.04.2017 | 31.03.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | ആരോഗ്യകാര്യം | അരുൺ കല്ലറക്കൽ | 01.04.2017 | 31.03.2018 |
| | ക്ഷേമകാര്യം | ആയിഷ മാധവൻ | 01.04.2017 | 31.03.2018 |
| | വികസനകാര്യം | മെബിൻ ബേബി | 01.04.2017 | 31.03.2018 |
| | വിദ്യാഭ്യാസകാര്യം | ജിൽസ് പെരിയപ്പുറം | 01.04.2017 | 31.03.2018 |
| | പൊതുമരാമത്ത്കാര്യം | സിജി സുകുമാരൻ | 01.04.2017 | 31.03.2018 |

### <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| സെക്രട്ടറി | നവാസ്.എ. | 01.04.2017 | 30.6.2017 |
| | ബി അനിൽ കുമാർ | 1.7.2017 | 31.03.2018 |
| കൃഷി ഓഫീസർ | ബാബു ജോൺ | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ഗ്ലാൻസി കെ. മൈക്കിൾ | 01-04-17 | 13-10-17 FN |
| | പ്രമോദ് | 13-10-17AN | 04-11-17FN |
| | ടോമി ടി പി | 04-11-17AN | 31.03.2018 |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പിറവം | ഡോ.സുനിൽ.ജെ.ഇളംതട്ട് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സിന്ധുറാണി | 01.04.2017 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയലക്ഷ്മി | 01.04.2017 | 31.03.2018 |
| സീനിയർ വെറ്ററിനറി സർജൻ, പിറവം | ഡോ. ഗോപകുമാർ എ | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജൻ, മുളക്കുളം | ഡോ.ക്ലയർ സിറിൾ | 01.04.2017 | 31.03.2018 |
| പ്രിൻസിപ്പൽ ഗവ : ഹയർ സെക്കന്ററി സ്കൂൾ നാമക്കുഴി | മായാ ശേഖർ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അഞ്ജു കൃഷ്ണ | 01.04.2017 | 31.03.2018 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | നിത എ ആർ | 01.04.2017 | 31.03.2018 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പിറവം | അശ്വിൻ പി റ്റി | 01.04.2017 | 31.03.2018 |
| ഹെൽത്ത് ഇൻസ്പെക്ടർ | സഹദേവൻ ഇ കെ | 01.04.2017 | 31.03.2018 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി -നിർണ്ണയിച്ച പ്രകാരം നികുതി ഡിമാൻറ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. | 2-1 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- വരവ് നഷ്ടം:10,000/- | 2-2 |
| 14 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| | | |

| | | |
|---|---|---|
| 15 | ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യൽ - ആദായ നികുതി , സേവന നികുതി (GST), കുടിശികയായി തുക ഒടുക്കുമ്പോഴുള്ള ഫൈൻ എന്നിവ ഈടാക്കിയില്ല | 2-4 |
| 16 | അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 17 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചില്ല | 3-1 |
| 18 | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ - ആവശ്യത്തിലധികം സ്ഥാപിച്ച് അധികച്ചെലവ് വരുത്തി | 3-2 |
| 19 | മരാമത്ത് പ്രവൃത്തികൾ -VATഈടാക്കാതെ തുക നൽകിയതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി | 3-3 |
| 20 | കാലി വീപ്പയുടെ – വില ഈടാക്കിയില്ല | 3-4 |
| 21 | സെന്റേജ് ചാർജ് – അധികം അടച്ചു. | 3-5 |
| 22 | കുടിവെള്ള ചാർജ് -ഇല്ലാത്ത ടാപ്പുകളുടെ ബിൽ വരുന്നു | 3-6 |
| 23 | ഉപഭോക്തൃ ഫോറം വിധി - നടപടി ഊർജ്ജിതമാക്കണം | 3-7 |
| 24 | തെരുവുവിളക്കുകൾ | 3-8 |
| 25 | അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല | 3-9 |
| 26 | ടെണ്ടർ നടപടി - ചട്ടങ്ങൾ പാലിച്ചില്ല | 3-10 |
| 27 | ആദായ നികുതി ഈടാക്കിയില്ല | 3-11 |
| 28 | പ്രിന്റിംഗ് ചാർജ് നൽകിയത്- ആദായനികുതി ഈടാക്കിയില്ല | 3-12 |
| 29 | സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതി | 3-13 |
| 30 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-14 |
| 31 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-15 |
| 32 | പെൻഷൻ ഫണ്ട് അവലോകനം | 3-16 |
| 33 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-17 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹ്രത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 45 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം.2 |
| 46 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | അനുബന്ധം.3 |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2017-18 | അനുബന്ധം.4 |

# ഭാഗം -1
# പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 29.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.3.2018 തീയതിയിലെ 1(b) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 26.7.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 8.8.2018-9.8.2018 | KSA EKM(M1)1785/18 12.9.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24057348.00 |
| വരവ് | 121446483.00 |
| ആകെ | 145503831.00 |
| ചെലവ് | 106673862.00 |
| നീക്കിയിരിപ്പ് | 38829969.00 |

# 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23532000 | 23532000 | 19851902 | 0 | 3680098 |
| വികസന ഫണ്ട് (എസ്സിപി) | 0 | 4612000 | 4612000 | 3137427 | 0 | 1474573 |
| വികസന ഫണ്ട് (ടിഎസ്പി) | 0 | 29730 | 29730 | 29730 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9682537 | 9682537 | 9307808 | 0 | 374729 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3247493 | 3247493 | 3219814 | 0 | 27679 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5659864 | 5659864 | 3524570 | | 2135294 |
| കെഎൽജി എസ്ഡി പി | 0 | 2532817 | 2532817 | 2498302 | | 34515 |
| ദുരിതാശ്വാസ നിധി | 310851 | 6803 | 317654 | 313000 | 4654 | |
| AUEGS | 3081090 | 6712340 | 9793430 | 7085450 | 2707980 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 12350644 | 25939897 | 38290541 | 19794029 | 18496512 | |
| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ | 3081590 | 6712340 | 9793930 | 7085450 | 2708480 | |
| ബി ഫണ്ട് | | 49705020 | 49705020 | 49705020 | | |
| ട്രഷറി (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 2677353 | 9925000 | 12602353 | 6254078 | 6348275 | |
| തനത് ഫണ്ട് ബാങ്ക് | 5479253 | 36748882 | 42228135 | 31465395 | 10762740 | |
| തനത് ഫണ്ട് ക്യാഷ് | 157637 | 509288 | 666925 | 157637 | 509288 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 148 | 27901722 | 62 | 16694445 | 24 | 62 | 42 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3081090 | 6712340 | 9793430 | 7085450 | 2707980 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | ----- | ---- | ---- | ---- | ---- |
| ആകെ | 3081090 | 6712340 | 9793430 | 7085450 | 2707980 |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33720 | 57 |
| കർഷകത്തൊഴിലാളി പെൻഷൻ | 1973600 | 167 |
| വിധവാപെൻഷൻ | 12360900 | 1020 |
| വാർദ്ധക്യകാല പെൻഷൻ | 31615000 | 2114 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2867200 | 224 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ | 854600 | 70 |

| | | |
|---|---|---|
| വനിതകൾക്കുള്ള ധനസഹായം | | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2018 തീയതിയിൽ ഉച്ചയ്ക്ക് 3.30ന് ക്യാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32610/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1.സിവിൽ നിക്ഷേപങ്ങൾ - അപാകതകൾ

നഗരസഭയിലെ സിവിൽ നിക്ഷേപങ്ങൾ സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് പൂർണ്ണമല്ല. അപാകതകൾ താഴെ ചേർക്കുന്നു.

a.നഗരസഭയിൽ 1971-72 മുതലുള്ള ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ഇനം , നിലവിലെ അവസ്ഥ എന്നിവ രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല.

b.കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച് 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും നഗരസഭ ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായാണ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

c.2017-18 ധനകാര്യ പത്രികയുടെ B7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് തുക 25554959 രൂപയാണ്. എന്നാൽ ധനകാര്യ പത്രിക RP 40 (b) പ്രകാരം തനത് ഫണ്ട് അക്കൗണ്ടുകളുടെ ആകെ തുക 15886306/- ആണ്. ഡെപ്പോസിറ്റ് തുക പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

പിറവം നഗരസഭ വക ബസ്സ്റ്റാന്റിൽ നിന്നും 01-04-17 മുതൽ 31-03-18 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ ശ്രീ. ഏലിയാസ് വർഗ്ഗീസ്, നാരേക്കാട്ട് എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി. ടിയാൻ ലേലതുകയിനത്തിൽ ഒടുക്കിയ 175000/- രൂപ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2.പി.എം.എ.വൈ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതം പൊരുത്തപ്പെടുന്നില്ല

പി.എം.എ.വൈ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമായി ഫ്രണ്ട് ഓഫീസിൽ 3.2.18 ,7.2.18 എന്നീ തീയതികളിൽ ഒടുക്കിയ തുകയും പി.എം.എ.വൈ അക്കൗണ്ടിൽ വരവ് വന്ന തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള വരവ് | പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം | പി.എം.എ.വൈ അക്കൗണ്ടിൽ ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 3.2.2018 | 87760/- | 35000/- | 45000/ | 10000/- |
| 7.2.18 | 96240/- | 40000/- | 60000/ | 20000/- |

3.രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

ക്യാഷ്ബുക്ക് സമ്മറിയുടെയും ബാങ്ക് ബുക്കിന്റേയും പകർപ്പ് ദിനം പ്രതി എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഇവ ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. അതുപോലെ ചിട്ട /ഡേ ബുക്ക് എന്നിവയും അപ്രകാരം സൂക്ഷിക്കുന്നില്ല.

4.രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

മാനവൽ രസീത് ബുക്ക് നമ്പർ 55,54,51,71,73,57,61,66,62,56,74,50,53,70,67,75,77,76,72,68,69 എന്നിവയിൽ കൗണ്ട് ഓഫ് സർട്ടിഫിക്കറ്റ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ/തീയതി |
|---|---|
| 1 | 117010107343/3.3.18 |
| 2 | 117010107376/5.3.18 |
| 3 | 117010103968/30.11.17 |
| 4 | 117010103969/30.11.17 |
| 5 | 117010103989/30.11.17 |
| 6 | 117010103990/30.11.17 |
| 7 | 117010103991/30.11.17 |

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമായില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.4.18 മുതൽ 7.5.18 വരെ | 16-17 മുതൽ 17-18 വരെ | 18.6.18 |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി -നിർണ്ണയിച്ച പ്രകാരം നികുതി ഡിമാൻഡ്ചെയ്യുകയോ ഈടാക്കുകയോചെയ്യുന്നില്ല.

വസ്തു നികതി സഞ്ചയ സോഫ്റ്റ്വെയറിൽ നിർണ്ണയിച്ചതിൽ നിന്നും വ്യത്യസ്തമായ തുകയാണ് സാംഖ്യ സോഫ്റ്റ്വെയർ പ്രകാരം ഡിമാന്റ് ചെയ്യുകയും ഈടാക്കുകയും ചെയ്തിട്ടുള്ളത്. ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ/ സ്ഥാപന ത്തിന്റെ പേര്. | ഒരു വർഷത്തേക്ക് നിർണ്ണയിച്ച നികുതി | നിർണ്ണയിച്ച പ്രകാരം ഒരു വർഷത്തേക്ക് | | | 2017-18 വർഷം ഈടാക്കിയ നികുതി |
|---|---|---|---|---|---|---|
| | | | ഡിമാന്റ് ചെയ്യേണ്ട നികുതി | ഡിമാന്റ് ചെയ്ത നികുതി | ഈടാക്കേണ്ട നികുതി | |
| X/113 | മലങ്കര ജാക്കോബൈറ്റ് ക്രിസ്ത്യൻ എജ്യുക്കേഷൻ ട്രസ്റ്റ്. B.P.C. COLLEGE, PIRAVAM | 5134/- | 5134/- | 2232 | 5134/- | 2232/- (1116X2) |
| X/114 | മലങ്കര ജാക്കോബൈറ്റ് ക്രിസ്ത്യൻ എജ്യുക്കേഷൻ ട്രസ്റ്റ്. B.P.C. COLLEGE, PIRAVAM | 5134/- | 5134/- | 2232 | 5134/- | 2232/- (2016-17) |
| XVII/ 10A | പോൾ എൻ.പി. വിവിധ ഷോപ്പിംഗ് മാളുകൾ | 36898/- | 36898/- | 18534/- | 36898/- | 18534/- (9167X2) |
| XVII/ 10B | പോൾ എൻ.പി. വിവിധ ഷോപ്പിംഗ് മാളുകൾ | 41686/- | 41686/- | 20714/- | 41686/- | 20714/- |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച പ്രകാരം ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17) ലഭിച്ച മറുപടിയിൽ മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്ത് ആയിരുന്നപ്പോൾ ഗ്രാമപഞ്ചായത്ത് നിരക്കിൽ നിർണ്ണയിച്ച നികുതിയാണ് സഞ്ചയ പ്രകാരം ഈടാക്കി വരുന്നതെന്നാണ് പറഞ്ഞിട്ടുള്ളത്. മേൽപറഞ്ഞ കെട്ടിടങ്ങളുടെ പഴയ നികുതി രസീതുകൾ ഹാജരാക്കുകയും അത് പ്രകാരം നികുതി പഴയ രസീതുകളിൽ രേഖപ്പെടുത്തിയ നിരക്കിൽ ഈടാക്കിയതുകൊണ്ടാണ് പുതുക്കിയ നിരക്കിൽ നികുതി ഈടാക്കാൻ സാധിക്കാതെ വന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 01.04.2016 മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുള്ളതും വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ചിട്ടുള്ളതും ഡിമാന്റിൽ വന്നിട്ടുള്ളതുമാണ്. എന്നിട്ടും XVII/10A നമ്പർ കെട്ടിടത്തിന്റെ 2017-18 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി അസസ്മെൻറ് പ്രകാരം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വരവ് നഷ്ടം:10,000/-

നഗരസഭയിൽ പ്രവർത്തിക്കുന്നതും 2017-18 വർഷത്തിൽ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ പേരും ഈടാക്കാത്ത തൊഴിൽ നികുതിയുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | ഐസിഐസിഐ ബാങ്ക് | | 1250 |
| 2 | മഹീന്ദ്ര & മഹീന്ദ്ര | | 1250 |
| 3 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | | 1250 |
| 4 | റൂറൽ ഹൗസിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | 1250 |
| 5 | ഇൻഡസ് ഇൻഡ് ബാങ്ക് | | 1250 |
| 6 | ആശിർവാദ് മൈക്രോ ഫൈനാൻസ് | 1250 | |
| 7 | ടി.വി.സുന്ദരം അയ്യങ്കാർ & സൺസ് | 1250 | |
| 8 | പഞ്ചാബ് നാഷണൽ ബാങ്ക് | 1250 | |
| ആകെ | | 3750 | 6250 |

മേൽപ്രകാരം തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.2) ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1) 2017-18 വർഷം രജിസ്റ്റർ പ്രകാരം നഗരസഭയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | സ്ഥാപനത്തിന്റെ പേര് | 2016-17-ൽ ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | V/892A | ബാബു.എം.ആർ, മാൻപുറത്ത് വീട്, മുളക്കുളം. | സൂര്യ ഫർണിച്ചർ വർക്ക്ഷോപ്പ് | 500/- |
| 2 | V/900 | തങ്കമണി ബാബു മാൻപുറത്ത് വീട് , മുളക്കുളം. | സൂര്യ ഫർണിച്ചർ ഗാലറി (ഫർണിച്ചർ വ്യാപാരം) | 500/- |

മേൽപ്രകാരം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10) മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ പറഞ്ഞ സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 447-ം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.
സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വാണിജ്യ, വ്യാപാര, വ്യവസായ ആവശ്യങ്ങൾക്കും മറ്റുമുള്ള 2207 കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടെങ്കിലും ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ പ്രകാരം 972 എണ്ണം മാത്രമാണ്. ഇതിൽനിന്നും ലൈസൻസ് എടുക്കാതെ വളരെയധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും അതു മൂലം നഗരസഭയുടെ തനത് വരുമാനത്തിൽ വലിയ നഷ്ടം ഉണ്ടായിട്ടുള്ളതായും കാണുന്നു.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുകയും അപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ച് വരുമാനനഷ്ടം ഒഴിവാക്കേണ്ടതാണ്.

# 2-4 ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യൽ - ആദായ നികുതി , സേവന നികുതി (GST), കുടിശ്ശികയായി തുക ഒടുക്കുമ്പോഴുള്ള ഫൈൻ എന്നിവ ഈടാക്കിയില്ല.

a. മാർക്കറ്റ് ഫീസ്.

പിറവം നഗരസഭ വക മാർക്കറ്റിൽ നിന്നും 01-04-17 മുതൽ 31-03-18 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ 107300/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ. കുഞ്ഞുമോൻ, പാലയ്ക്കൽ എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി. ലേല നിബന്ധന 4,5,6,7 എന്നിവ പ്രകാരം ലേലം കൊണ്ടവർ 60% മുൻകൂറായി അപ്പോൾത്തന്നെ ഒടുക്കേണ്ടതും 60% കിഴിച്ചുള്ള മുഴുവൻ തുകയും 2% ആദായ നികുതിയും ഒടുക്കി 200/- രൂപ മുദ്രപത്രത്തിൽ 15 ദിവസത്തിനകം കരാർ വെക്കുവാനും നിർദ്ദേശിക്കുന്നു. ബാക്കി ഒടുക്കേണ്ട തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയാണെങ്കിൽ രണ്ടു ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി നൽകുന്നതാണെന്നും കുടിശിക വരുത്തുകയാണങ്കിൽ 18% പിഴപ്പലിശ ഈടാക്കുവാനും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ലേലതുകയുടെ 15% സേവന നികുതി ഒടുക്കുവാനും നിഷ്കർഷിക്കുന്നു.

ലേല തുക ഒടുക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു

| രസീത് നം/തീയതി | തുക |
|---|---|
| 11601106491/04-03-17 | 65000 |
| 117010107976/20.03.18 | 42300 |
| ആകെ | 107300 |

അപാകതകൾ

1. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കത്തതിനാൽ ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി നൽകുയിരുന്നില്ല. അതിനാൽ കുടിശികയായി തുക ഒടുക്കിയപ്പോൾ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കിയില്ല. ഈടാക്കേണ്ടുന്ന പിഴയുടെ വിവരം ചുവടെ കൊടുക്കുന്നു.
ഈടാക്കേണ്ടുന്ന ഫൈൻ - 42300@18% = 7614/-
2. ലേലത്തുകയുടെ 15% സേവന നികുതി ഒടുക്കുവാൻ ലേല വ്യവസ്ഥ ഉണ്ടായിരുന്നു. 01-07-17 മുതൽ സേവന നികുതിക്ക് പകരം GST നിലവിൽ വന്നു. 20.03.18 ലാണ് ബാക്കി തുക ഒടുക്കിയിട്ടുള്ളതിനാൽ ചരക്ക് സേവന നികുതിയാണ് ബാധകം. എന്നാൽ 18 % നിരക്കിൽ GST ഈടാക്കിയില്ല.
ഈടാക്കേണ്ടുന്ന GST – 107300 @ 18% = 19314/-
3. 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 206 (c) അനുസരിച്ച് ലേല തുകയുടെ 2% ആദായ നികുതി ഈടാക്കേണ്ടതാണ് .എന്നാൽആദായ നികുതി ഈടാക്കിയിട്ടില്ല.
ഈടാക്കേണ്ടുന്ന ആദായ നികുതി- 107300 @ 2% = 2146/-

മേൽപ്പറഞ്ഞ ഇനത്തിലുള്ള തുകകൾ 29074/- ( 7614+19314+2146) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാൻ ഒടുക്കിയ EMD യിൽ നിന്നും ക്രമീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി ലേലത്തിനായി 10000/-രൂപ മാത്രമാണ് EMD യിനത്തിൽ ഒടുക്കിയിട്ടുള്ളത്. അതിനാൽ കുറവു വരുന്ന 19074/- (29074-10000) ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

b. ബസ്സ്റ്റാന്റ് ഫീസ്

പിറവം നഗരസഭ വക ബസ്സ്റ്റാന്റിൽ നിന്നും 01-04-17 മുതൽ 31-03-18 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ 577002/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. ഏലിയാസ് വർഗ്ഗീസ്, നാരേക്കാട്ട് എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി.ലേലത്തുകയുടെ 15% സേവന നികുതിയിനത്തിൽ ഒടുക്കുവാൻ ലേലം വ്യവസ്ഥ ചെയ്തിരുന്നു.ടിയാൻ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർണ്ണമായും തുക ഒടുക്കുകയോ കരാർ വെക്കുകയോ ചെയ്തിരുന്നില്ല.തുക പൂർണ്ണമായും ഒടുക്കിയത് 21-07-17ൽ

ആണ്. 01-07-17 മുതൽ സേവന നികുതിക്ക് പകരം GST നിലവിൽ വന്നതിനാൽ ചരക്ക് സേവന നികുതിയാണ് ബാധകം. ഇതനുസരിച്ച് ടിയാൻ ഒടുക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ലേല തുക | 577002 |
| GST(18%) | 103860 |
| ആകെ | 680862 |

തുക ഒടുക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| രസീത് നമ്പർ /തീയതി | തുക |
|---|---|
| 1160100158/04-03-17 | 350000 |
| 117010500005/10-04-17 | 175000 |
| 11701050016/18-05-17 | 80000 |
| 11701050035/21-07-17 | 75862 |
| ആകെ | 680862 |

<u>അപാകതകൾ</u>

1. നഗരസഭയുടെ 07-04-17 ലെ A5-1336/16-ാം നമ്പർ കത്ത് പ്രകാരം മുഴവൻ ലേലത്തുകയും 7 ദിവസത്തിനകം ഒടുക്കണമെന്ന് കാണിച്ച് നൽകിയ കത്ത് ടിയാൻ 07-04-17ൽ കൈപ്പറ്റിയിട്ടുണ്ട്. കുടിശിക വരുത്തുകയാണെങ്കിൽ 18% നിരക്കിൽ(പ്രതിമാസം 1.5%)പിഴപ്പലിശ ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്.തുക ഒടുക്കുന്നതിൽ കുടിശിക വരുത്തിയിട്ടും പിഴ പ്പലിശ ഈടാക്കിയില്ല.
ഈടാക്കേണ്ടുന്ന ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കുടിശ്ശികയായ തുക | 175862 |
| ഈടാക്കേണ്ടുന്ന ഫൈൻ (4/17- 5/17) | 175862 @ 3% = 5276 |
| (4/17- 7/17) | 75862 @6% = 4552 |
| ആകെ | 9828/- |

2.1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 206 (c) അനുസരിച്ച് ലേലത്തുകയുടെ 2% ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ആദായ നികുതി ഒടുക്കിയിട്ടില്ല.
ഈടാക്കേണ്ടുന്ന ആദായ നികുതി- = 577002 @ 2% = 11540/-
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടി തുക ഒടുക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ ഇനത്തിലുള്ള തുകകൾ 21368/- ( 9828 +11540) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 അഡ്വാൻസ് രജിസ്റ്ററുകൾ -സൂക്ഷിച്ചിട്ടില്ല

ജി.ഒ (പി)419/2011 ധനം 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ,താത്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്നമാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത തുകയ്ക്ക് ഒരു വർഷത്തേയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. അല്ലെങ്കിൽ മുഴവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ സഹിതം തിരിച്ച പിടിക്കണം. നഗരസഭയിൽ തൻവർഷം അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ സാധിച്ചില്ല. അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചില്ല.

ഫയൽ നമ്പർ - A 5- 5130/17
നഗരസഭ 2017-18 ൽ മാലിന്യസംസ്കരണത്തിനം, പ്ലാസ്റ്റിക് റീസൈക്ലിംഗിനുമായി ആവിഷ്കരിച്ച് പ്രൊജക്ടാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്. യൂണിറ്റിന്റെ മെഷീനറികൾ ലഭ്യമായെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 292/18 |
| അംഗീകാരം | 700/SBM(U)/SLWM/2017/P/4.11.2017, അസി: പ്രൊജക്ട് ഓഫീസർ |
| അടങ്കൽ | 500000 /- |
| ചെലവ് | 400000 /- ,ട്രഷറി ബിൽ നമ്പർ 1/24.3.18 |
| നിർവ്വഹണ | ഹെൽത്ത് ഇൻസ്പെക്ടർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

നഗരസഭാ കൗൺസിലിന്റെ 20.12.2017 ലെ 44-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം ക്ലീൻ കേരള മിഷൻ തിരുവനന്തപുരം എന്ന സ്ഥാപനത്തെയാണ് പ്രൊജക്ട് നിർവ്വഹണത്തിന് തെരഞ്ഞെടുത്തത്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.(അപാകതകൾ സംബന്ധിച്ച് 12.12.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത് )

1)നഗരസഭയും ക്ലീൻ കേരള മിഷനും തമ്മിൽ ഒപ്പ് വെച്ച 12.2.2018 ലെ കരാറിന്റെ അടിസ്ഥാനത്തിൽ 20.3.2018 ലെ 140/17-18 നമ്പർ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയും ഉപകരണങ്ങൾ 25.5.2018 ന് വിതരണം ചെയ്യുകയും ചെയ്തു( ഫയൽ പ്രകാരം). എന്നാൽ നാളിതു വരെ ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ക്ലീൻ കേരള മിഷന്റെ ഡി പി ആർ പ്രകാരം യൂണിറ്റിന് 1000 സ്ക്വയർ ഫീറ്റ് കെട്ടിടം ആവശ്യമുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ മെഷീൻ സ്ഥാപിക്കുന്നതിനോട് യോജിപ്പില്ല എന്ന് സെക്രട്ടറി 16.12.2017 ന് കുറിപ്പ് എഴുതിയിട്ടുണ്ട്. ഇപ്രകാരം സൗകര്യം ഒരുക്കുന്നതിനു മുൻപ് മെഷീനറി വാങ്ങിയത് ശരിയായ രീതിയല്ല.

2)അടിസ്ഥാന സൗകര്യം ഒരുക്കാതെ മെഷീനറി വാങ്ങിയതിനാൽ വാറന്റിയുടെ ആനുകൂല്യം നഷ്ടപ്പെടാൻ സാധ്യതയുണ്ട് . വാറന്റി കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു.

3)ഫയൽ കുറിപ്പ് പ്രകാരം (26.6.2018) പ്ലാസ്റ്റിക് സാമഗ്രികൾ ട്രീറ്റ് ചെയ്യുന്നതിനായി ഹരിത കർമ്മസേനയെ നിയോഗിക്കും എന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഹരിത സേന രൂപീകരിച്ചിട്ടില്ല.

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-2 സ്കൂളുകളിൽ നാപ്കിൻ വെന്ഡിംഗ് മെഷീൻ - ആവശ്യത്തിലധികം സ്ഥാപിച്ച് അധികച്ചെലവ് വരുത്തി.

പ്രോജക്ട് നമ്പർ :S0023/18

ചെലവ്: ബിൽ നം -35/01-01-18 രൂപ 120000/-

ബിൽ നം -62/31-03-18 രൂപ 106025/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി , നഗരസഭ

പിറവം, കക്കാട്, കളമ്പൂർ, നാമക്കുഴി സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് മേൽ സ്കൂളുകളിൽ നിന്നും വിവരശേഖരണം നടത്തിയതിൽ ഷീപാഡ് ആവശ്യമുള്ള വിദ്യാർത്ഥിനികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ഷീപാഡ് ആവശ്യമുള്ള വിദ്യാർത്ഥിനികളുടെ എണ്ണം |
|---|---|
| GHS പിറവം | 130 |
| GUPSകളമ്പൂർ | 4 |
| GUPS കക്കാട് | 4 |
| GHSS നാമക്കുഴി | 72 |

മേൽ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിച്ചതിന് കേരള സംസ്ഥാന വനിത കോർപ്പറേഷന് 226025/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ഷീപാഡ് | അലമാര | ഇൻസിനറേറ്റർ |
|---|---|---|---|
| GHS പിറവം | 1300 | 1 | 2 |
| GUPSകളമ്പൂർ | 40 | 1 | 1 |
| GUPS കക്കാട് | 40 | 1 | 1 |
| GHSS നാമക്കുഴി | 1080 | 1 | 2 |

കേരള സംസ്ഥാന വനിത കോർപ്പറേഷൻ 20-12-17 ൽ നഗരസഭയ്ക്ക് നൽകിയ കത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് 250 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ മാത്രമേ ആവശ്യമുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്കൂളിൽ നിന്നും ലഭ്യമാക്കിയ ഷീപാഡ് ആവശ്യമുള്ള വിദ്യാർത്ഥിനികളുടെ എണ്ണം കണക്കാക്കുമ്പോൾ ഓരോ സ്കൂളിനും ഒരു ഇൻസിനറേറ്റർ വീതം മതിയാകും. എന്നാൽ GHS പിറവം, GHSS നാമക്കുഴി എന്നീ സ്കൂളുകളിൽ രണ്ടെണ്ണം വീതം സ്ഥാപിക്കുവാൻ നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ടെണ്ണം വീതം സ്ഥാപിച്ചിട്ടുണ്ട്. 20-12-17 ലെ കത്തിൽ 250 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ മാത്രമേ ആവശ്യമുള്ളൂ എന്ന് വ്യക്തമാക്കിയിട്ടും 30-01-18ലെ സപ്ലൈ ഓർഡറിൽ രണ്ടെണ്ണം വീതം സ്ഥാപിക്കുവാൻ നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടത് അധികച്ചെലവിനിടയാക്കി. അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 4 സ്കൂളുകളിലേക്കും ആവശ്യമാകുന്ന ഇൻസിനറേറ്ററുകളുടെ എണ്ണം | 4 |
| സ്ഥാപിച്ചത് | 6 |
| അധികം | 2 |
| ഒരു ഇൻസിനറേറ്ററിന്റെ വില | 23352 |
| രണ്ട് ഇൻസിനറേറ്ററിന്റെ വില | 46704 (2@23352) |
| (+)പദ്ധതിനടത്തിപ്പ് ചെലവിന് സംസ്ഥാന വനിത കോർപ്പറേഷന് നൽകിയത് (10%) | 4670 |
| അധികച്ചെലവ് | 51374/- |

സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകൾ പ്രവർത്തിച്ചുവരുന്നതായാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി. ആവശ്യത്തിലധികം ഉപകരണങ്ങൾ സ്ഥാപിക്കുന്നതു വഴിയുള്ള അധികചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 മരാമത്ത് പ്രവൃത്തികൾ - VAT ഈടാക്കാതെ തുക നൽകിയതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി.

സ.ഉ.(അച്ചടി)നം 97/2017/ത.സ്വ.ഭ.വ തീയതി 01-11-2017 പ്രകാരം 30-06-17 ന് മുമ്പ് പൂർത്തിയാക്കി എം ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് GST ബാധകമല്ല. ആയതിന് VAT മാത്രമാണ് ബാധകം. താഴെപ്പറയുന്ന പ്രവൃത്തികൾ 30-06-17 ന് മുമ്പ് പൂർത്തിയാക്കി എം ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ നൽകിയപ്പോൾ ആദായ നികുതിയും KCWWF ഉം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ VAT ഈടാക്കിയില്ല. VAT കുറവ് ചെയ്യാതെ നൽകിയതിനാൽ കരാറുകാർക്ക് അധികം തുക നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ചെയ്ത വേലയുടെ മൂല്യം/ അളവു പുസ്തകം | പൂർത്തിയാക്കിയ തീയതി | VAT ഇനത്തിൽ ഈടാക്കേണ്ട തുക ചെലവു വിവരം | (ബിൽ നമ്പർ) |
|---|---|---|---|---|---|
| കക്കാട് അങ്കണവാടി റോഡ് മെറ്റലിംഗ്& ടാറിംഗ് | ജോർജ്ജ്. V.A | 392221 (MB-50/ 16-17) | 21/4/17 | 15689 | 46-11/12/17 രൂപ392221/- |
| പാഴൂർ ആയുർവേദ ഡിസ്പെൻസറി വനിതകൾക്ക് തെറാപ്പി സെന്റർ | ഗീത | 437931 (MB-93/ 16-17) | 24/05/17 | 17517 | 59-13/3/18 രൂപ 437931 |
| കോട്ടപ്പുറം റോഡ് മെറ്റലിംഗ്& ടാറിംഗ് | ജോർജ്ജ് . V.A | 307968 (MB-61/ 16-17) | 29-04-17 | 12319 | 45-11/12/17 രൂപ 307968 |
| കല്ലുമറി പഴമംഗലത്ത് റോഡ് മെറ്റലിംഗ്& ടാറിംഗ് | ജോർജ്ജ് . V.A | 316941 (MB-65/ 16-17) | 29-04-17 | 12678 | 47-11/12/17 രൂപ316941/- |
| സെന്റ് ആന്റണീസ് ചർച്ച് റോഡ് മെയിന്റനൻസ് രണ്ടാം ഘട്ടം | ജോർജ്ജ്. V.A | 48000 (MB-58/ 16-17) | 22-04-17 | 1920 | 48-11/12/17 രൂപ 48000/- |
| ആകെ | | | | 60123 | |

VAT ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈനൽ ബിൽ പ്രകാരം തുക പിൻവലിച്ച അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

# 3-4 കാലി വീപ്പയുടെ വില ഈടാക്കിയില്ല

തൻവർഷം നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ ചെയ്യുന്ന പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ RS1& SS1ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച അളവ് (kg) | കാലി വീപ്പയുടെ എണ്ണം/- | ഈടാക്കേണ്ട വില @250/ | ചെലവ് വിവരം (ബിൽ നമ്പർ) | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | മൈക്കുഴി-കൊള്ളിക്കൽ റോഡ് | SS1-318.75 RS1-184.12 ബിറ്റുമിൻ -1667.22 | 13 | 3250 | 2/10-07-17 | സാജു സി.എസ് |
| 2. | പള്ളിക്കാവ്-പഴയപറമ്പ് റോഡ് | SS1-3600.64 RS1-366.75 ബിറ്റുമിൻ -3670.64 | 47 | 11750 | 37/18-11-17 | K.K പൗലോസ് |
| 3 | നെല്ലിക്കുഴി- കഴുന്നാട്ടു മലപ്പടി റോഡ് | ബിറ്റുമിൻ -2886 | 18 | 4500 | തനത് ഫണ്ട് 28-07-17 | V.A ജോർജ്ജ് |
| 4 | എണ്ണായിക്കണ്ടത്തിൽപ്പടി -മുളക്കുളം പള്ളിപ്പടി റോഡ് | ബിറ്റുമിൻ -2469 | 15 | 3750 | 72/24-03-18 | സാജു സി.എസ് |
| 5 | പെരുത്തുറക്കളം-ചാലിശ്ശേരി റോഡ് റീടാറിംഗ് | ബിറ്റുമിൻ -3323 | 20 | 5000 | 58/13-03-18 | ഗീത |

ഇതേപോലെ തൻവർഷം പാക്ക്ഡ് ബിറ്റുമിൻ RS1& SS1 ഉപയോഗിക്കുന്നതിനുള്ള നിരക്ക് അനുവദിച്ചിട്ടുള്ള മറ്റു പ്രവൃത്തികൾക്ക് അനുവദിച്ച തുകയിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

# 3-5 സെന്റേജ് ചാർജ് - അധികം അടച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി ഡബ്ല്യ ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു. അപാകത സംബന്ധിച്ച് 15.12.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 4) 18.12.2018 ന് ഹാജരാക്കിയ മറുപടിയിൽ ഇക്കാര്യം സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നമ്പർ/ നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് കോസ്റ്റ്, ചെലവ് വിവരം | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികം |
|---|---|---|---|---|---|---|
| 1 | ഇട്ട്യാർമല കടിവെള്ള പദ്ധതി, | S 0025/16-17 ( സ്പിൽ ഓവർ) നഗരസഭാ സെക്രട്ടറി | 2400000 (2318007രൂപ ബാങ്ക് ട്രാൻസ്ഫർ 31.3.2017, 81993 രൂപ ചെക്ക് നമ്പർ 64965 /23.7.2017) | 261995 | 209596 | 52399 |
| | | S0304/17-18 അസി: എഞ്ചിനീയർ | 600000 (ബാങ്ക് ട്രാൻസ്ഫർ 5.4.2018, 2017-18 ചെലവ് പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നു) | 66639 | 53311 | 13328 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | SO024/18 നഗരസഭാ സെക്രട്ടറി | 926000 ബാങ്ക് ട്രാൻസ്ഫർ | 61805 | 49444 | 12361 |

| | | | | | | |
|---|---|---|---|---|---|---|
| | | | 28.2.2018, 23.3.2018) | | | |
| 3 | 65-ാം നമ്പർ അങ്കണവാടി (ഡിവിഷൻ നം.21) യിൽ വാട്ടർ കണക്ഷൻ | 46/03-18/13.03.2018 | 8000/- ചെക്ക് നമ്പർ 701789 /14.03.2018 | 803.05 | 642 | 161 |
| 4 | ഇരുവയ്ക്കത്താഴം പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പ് സ്ഥാപിക്കൽ | 60/08-18/24.08.2017 | 44,000/- ചെക്ക് നം. 700717 /28.10.2017 | 4768.00 | 3815 | 953 |
| 5 | പൈപ്പ് ലൈൻ നീട്ടൽ ഡിവിഷൻ നം.17 | 42/02-18/12.02.18 | 80,000/- ചെക്ക്.നം. 701550 /29.03.18 | 8781.33 | 7025 | 1756 |

കേരള പിഡബ്ല്യുഡി മാന്വൽ 1601.4 പ്രകാരം സെന്റേജ് ചാർജ് 12.5% ൽ 2.5% ശതമാനം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചാർജ് ഈടാക്കേണ്ടതില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സെന്റേജ് ചാർജ് 10% ആണ്. സെന്റേജ് ചാർജിനത്തിൽ 80958 /- രൂപ അധികം നൽകിയത് തിരിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-6 കുടിവെള്ള ചാർജ്ജ് -ഇല്ലാത്ത ടാപ്പുകളുടെ ബിൽ വരുന്നു.

നഗരസഭ ജനറൽ കമ്മറ്റി 29.03.2017 ൽ ( നം 10 ) നിലവിലുള്ള പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണത്തേക്കാൾ അധികം ടാപ്പുകളുടെ ബിൽ വാട്ടർ അതോറിറ്റി നൽകുന്നതായി കണ്ടെത്തുകയും ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി 2016 നവംബർ വരെ 694 ടാപ്പുകളുടെ ബിൽ നൽകുകയും പ്രസ്തുത മാസം വരെ നഗരസഭ തുക അടക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 682 ടാപ്പുകൾ മാത്രമാണ് ഉള്ളതെന്നും അവയിൽ തന്നെ പലതും വിവിധ സമയങ്ങളിലായി പൂട്ടിയിട്ടുള്ളതാണെന്നും കണ്ടെത്തി. മാത്രവുമല്ല ഓരോ വാർഡിലും പൂട്ടേണ്ടതായ ടാപ്പുകളുടെ എണ്ണം പ്രത്യേകമായി കണക്കാക്കുകയും ചെയ്തു. പൂട്ടിയതിനാൽ നിലവിൽ പ്രവർത്തിക്കാത്ത ടാപ്പുകളുടേയും ഇനിയും പൂട്ടേണ്ടവയുടേയും എണ്ണം 112 ആണ്. ഇവ ഒഴിവാക്കി ബിൽ സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ നവംബർ 2018 ലെ 30506/22/11/2018 നമ്പർ ബിൽ പ്രകാരം 694 ടാപ്പുകളുടെ ബില്ലിനത്തിൽ 455958 രൂപ തൻമാസത്തെ ഉൾപ്പെടെ 14535781 രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. നഗരസഭ 2016 നവംബറിനു ശേഷം വാട്ടർ ബിൽ അടച്ചിട്ടില്ല. എന്നാൽ പ്ലാൻ ഫണ്ടിൽ നിന്ന് തുക കുറവ് ചെയ്യുന്നുണ്ട്.

സംയുക്ത പരിശോധനാ റിപ്പോർട്ട് 17.12.2018 ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 19.12.2018 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് 20.12.2018 ന് വാട്ടർ അതോറിറ്റിയുമായി മീറ്റിംഗ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 3-7 ഉപഭോക്തൃ ഫോറം വിധി - നടപടി ഊർജ്ജിതമാക്കണം

നഗരസഭാ പ്രദേശത്തെ വഴിവിളക്കുകൾ പ്രവർത്തനക്ഷമമാക്കാതിരുന്നതിനെതിരെ നഗരസഭ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ CC No.557/ 2016 പ്രകാരം കേസ് നൽകുകയും ഫോറം നഗരസഭക്ക് അനുകൂലമായി വിധി പ്രസ്താവിക്കുകയും ചെയ്തു. വഴിവിളക്കുകൾ സ്ഥാപിച്ച അമ്മിണി എനർജി സിസ്റ്റംസ്,പാപ്പനകോട്,തിരുവനന്തപുരത്തിനെതിരെ വിധി 6.11.2017 ൽ വന്നുവെങ്കിലും ആയതിന്റെ തുടർ നടപടികളുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് 17.12.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12) 19.12.2018 ൽ നൽകിയ മറുപടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

മൂന്ന് കാര്യങ്ങൾ ആണ് പ്രധാനമായും ഫോറത്തിന്റെ വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

1.അമ്മിണി ഏജൻസീസ് ( നിർവ്വഹണ ഏജൻസി) 2014-15, 2015-16 വർഷങ്ങളിൽ സ്ഥാപിച്ചതും കേട് വന്നതുമായ ലൈറ്റുകൾ മാറ്റി സ്ഥാപിക്കണം / റിപ്പയർ ചെയ്യണം.

2.നിർവഹണ ഏജൻസി നഗരസഭക്ക് 10000 രൂപ നഷ്ടപരിഹാരം നൽകണം. മുപ്പത് ദിവസത്തിനകം നഷ്ടപരിഹാരം നൽകിയില്ലയെങ്കിൽ 12% പലിശ ഉൾപ്പെടെ നൽകണം.

3.നിർവഹണ ഏജൻസി 5000 രൂപ കോടതി ചെലവ് നൽകണം.

ലൈറ്റുകൾ മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, നഷ്ടപരിഹാരം/കോടതി ചെലവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും അമ്മിണി ഏജൻസീസ് യാതൊരു പ്രവർത്തനവും ചെയ്തിട്ടില്ല എന്ന് മറുപടിയിൽ അറിയിച്ചു. ഫോറത്തിന്റെ വിധി നടത്തിക്കിട്ടുന്നതിന് നഗരസഭ ST8/2018 പ്രകാരം എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

# 3-8 തെരുവുവിളക്കുകൾ

2017-18 സാമ്പത്തികവർഷം നഗരസഭയിൽ പ്രതിമാസം 1,52,485/- രൂപ വീതം തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജായി കെ.

എസ്.ഇ.ബിയിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇവയുടെ എണ്ണം,പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും നഗരസഭ സൂക്ഷിക്കുന്നില്ല.ഇപ്പോൾ നഗരസഭയിലുള്ള 27 വാർഡുകളിലെ ബൾബുകളുടെ എണ്ണം ഇനം തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ഭാവിയിൽ തുടർ പ്രവർത്തനങ്ങൾക്ക് ഏറെ ഗുണം ചെയ്യുന്ന കാര്യമാണ്. ആയതിനാൽ നഗരസഭാ അധികൃതരും കെ.എസ്.ഇ.ബി അധികൃതരും സംയുക്തമായി പരിശോധന നടത്തി നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം വാർഡ് തിരിച്ച് സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കാനും നടപടി എടുക്കുന്നത് ഉചിതമായിരിക്കും. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കൂടി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല.

നഗരസഭയിൽ അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്രവിഹിതമായി 2017-18 സാമ്പത്തിക വർഷം 1468382/- രൂപ വരവും മുന്നിരുപ്പ് 818815/-രൂപയും ഉൾപ്പെടെ 2287197/-രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി 117586/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2169611/-രൂപ നീക്കിയിരുപ്പുണ്ട്. 03.09.2010 -ലെ സർക്കുലർ നം. 39033/ ഡി.സി.2/2010 ത.സ്വ.ഭ.വ പ്രകാരം അങ്കണവാടി പൂരകപോഷകാഹാരത്തിനായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അവശേഷിക്കുന്നുവെങ്കിൽ അതുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന തുക മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 ടെണ്ടർ നടപടി-ചട്ടങ്ങൾ പാലിച്ചില്ല.

നഗരസഭ 2017-18 വർഷം നടപ്പാക്കിയ ഫർണിച്ചർ വാങ്ങലിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖയിലെ (ജി.ഒ(പി)259/2010.തീയതി.08.11.2010) വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചില്ല. പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO071/18<br>(SO0/17 സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകൽ |
| അടങ്കൽ | പൊതു വിഭാഗം - 48000 രൂപ |
| ചെലവ് | 46800 രൂപ,<br>ട്രഷറി ബിൽ നമ്പർ - 1/22.6.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത താഴെ ചേർക്കുന്നു.അപാകതകൾ സംബന്ധിച്ച് 13.12.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

താഴെ പറയുന്ന ഇനങ്ങളുടെ ഫർണിച്ചർ വിതരണത്തിന് 10.2.2017 ൽ നഗരസഭ ക്വട്ടേഷൻ ക്ഷണിച്ചു.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| സ്റ്റീൽ മേശ | നോവാപാൻ ടോപ്പ്,കബോർഡും ഡ്രോയും ഉള്ളത് |
| സ്റ്റീൽ കസേര | കുഷ്യൻ സീറ്റുള്ള ഹാൻഡ് റെസ്റ്റുള്ളത് |

അഞ്ച് ക്വട്ടേഷനുകളാണ് ലഭിച്ചത്. നഗരസഭാ ജനറൽ കമ്മറ്റിയുടെ 1/3/2017 ലെ 3(3) നമ്പർ കമ്മറ്റി തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 3 ഏജൻസികളോട് സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു.

നിരക്ക് താഴെ ചേർക്കുന്നു.

| ഏജൻസി | മേശ വില | കസേര വില | ആകെ |
|---|---|---|---|
| സിയോൺ, തൃപ്പൂണിത്തുറ | 2250 | 1250 | 3500 |
| നവഭാരത്,കോട്ടയം | 2500 | 1400 | 3900 |
| പുളിക്കൽ ഏജൻസീസ്,പിറവം | 2900 | 1250 | 4150 |

സാമ്പിളുകളിൽ പുളിക്കൽ ഏജൻസീസ് സമർപ്പിച്ച സാമ്പിൾ ഗുണമേൻമയുള്ളതായി കണ്ടെത്തുകയും നെഗോഷിയേറ്റ് ചെയ്ത് വാങ്ങുന്നതിന് സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിനെ 23.3.2017 ലെ 1(8) നമ്പർ കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തു.

വാങ്ങലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ | 50/22/5/2017 |
| മേശ വില | 2700X12= 32400 |
| കസേര വില | 1200X12=14400 |
| ആകെ | 46800 |

വാങ്ങൽ സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ/പ്രൊക്വർമെന്റ് കമ്മറ്റിയുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് 2017-18 ൽ പ്രൊക്വയർമെന്റ് കമ്മറ്റിക്ക് സമർപ്പിച്ചിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. എന്നാൽ 2017-18 ൽ നഗരസഭ പ്രൊക്വയർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

2)2013 ലെ കേരള സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ 9.48 പ്രകാരം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി മാത്രമാണ് നെഗോസിയേഷൻ നടത്താവുന്നത്.

നഗരസഭയുടെ വാങ്ങലുകൾ പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തേണ്ടതും വ്യക്തമായ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിക്കേണ്ടതും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നില്ലയെങ്കിൽ ആയതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തേണ്ടതുമാണ്.

# 3-11 ആദായ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന പ്രോജക്ടുകളുടെ നടത്തിപ്പിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയട്ടുണ്ട്. TAN രേഖപ്പെടുത്താത്ത ബിൽ പ്രകാരം തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | സാധനം സപ്ലൈ ചെയ്ത സ്ഥാപനം | സ്ഥാപനത്തിന്റെ ബിൽ നമ്പറും തുകയും | ഈടാക്കേണ്ട നികുതി | ചെലവു വിവരം |
|---|---|---|---|---|
| പെരിങ്ങാച്ചിറ പ്പാടത്തിന് പെട്ടിയും പറയും | പെരുമാശ്ശേരിൽ ഏജൻസീസ് | 158/23-06-17 രൂപ 277500/- | 5550 ( IT @2%) | ബിൽ നമ്പർ- 20/15-09-17 |
| തെരുവു വിളക്കു സ്ഥാപിക്കൽ | ഷാജ് .T വർഗ്ഗീസ് | 11/19-06-17 രൂപ 399596/- | 3996 ( IT @1%) | ബിൽ നമ്പർ- 7/29-6-17 8/29-6-17 ചെക്ക്നം. 543702/5-7-17 464440/5-7-17 |
| ആകെ | | | 9546 | |

ആദായനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6), ഈടാക്കേണ്ട തുക EMD യിൽ നിന്നോ ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നോ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഈടാക്കിയതിന്റെ/ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# 3-12 പ്രിന്റിംഗ് ചാർജ്ജ് നൽകിയത്- ആദായനികുതി ഈടാക്കിയില്ല.

നഗരസഭ 2017-18 വർഷം പ്രിന്റിംഗ് ജോലികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകിയിരിക്കുന്നത് സ്വരാജ് പ്രിന്റേഴ്സ്,പിറവം എന്ന സ്ഥാപനത്തിനാണ്. 2017-18 വർഷം പ്രിന്റിംഗ് ചാർജായി സ്ഥാപനത്തിന് 1,71,531/- രൂപ നൽകിയിട്ടുണ്ട്.ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു-

| ക്രമ നം. | വൗച്ചർ നമ്പർ | തുക | ചെക്ക്.നമ്പർ/ തീയതി |
|---|---|---|---|
| 1 | 40-4/17 | 46516/- | 456380/18.04.17 |
| 2 | 4/17 | 8190/- | 464876/14.06.17 |
| 3 | 14-08/17 | 63053/- | 701325/10.08.17 |
| 4 | 18(എ)-1/18 | 1664/- | 701302/6.01.18 |
| 5 | 18(ബി)-1/18 | 5600/- | 088002/6.01.18 |
| 6 | 56-.1/18 | 39452/- | 19.01.18 |

| | | | |
|---|---|---|---|
| 7 | 63-02/18 | 7056/- | 701617/21.02.18 |
| | ആകെ | 171531/- | |

1961-ലെ ആദായനികുതി നിയമം, വകുപ്പ്-194 സി പ്രകാരം ഒറ്റ ബില്ലിൽ 30,000/-രൂപയിൽ കൂടുതലോ, ഒരു സ്ഥാപനത്തിന് ഒരു സാമ്പത്തികവർഷം വിവിധ ബില്ലുകളിലായി 100,000/-രൂപയിൽ കൂടുതലോ തുക നൽകുന്ന പക്ഷം ആ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ സ്വരാജ് പ്രിന്റേഴ്സ്, പിറവത്തിൽ നിന്നും 2017-18 വർഷം പ്രിന്റിംഗ് ചാർജിനത്തിൽ നൽകിയ തുകയായ 1,71,531/- രൂപയിൽനിന്നും ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. അതിനാൽ മേൽ സ്ഥാപനത്തിൽനിന്നും 1,71,531/- രൂപയുടെ 2% തുകയായ 3,430/- രൂപ ആദായനികുതി ഈടാക്കേണ്ടതാണ്.

# 3-13 സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതി

നഗരസഭയിൽ 2017-18 വർഷം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച രേഖകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായി. ഈ സ്ഥിതി തുടർന്നാൽ പിന്നീട് പല കാര്യങ്ങളിലും ബുദ്ധിമുട്ടുകൾ ഉളവാകും എന്നതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. അതായത് അപേക്ഷകൾ ലഭിക്കുന്ന തീയതി,പരിശോധനയ്ക്ക് ബന്ധപ്പെട്ടവർക്ക് നൽകുന്ന തീയതി, പിന്നീട് തിരികെ ലഭിക്കുന്നതിന്റേയും അനുവദിക്കുന്നതിന്റെ/ നിരസിക്കുന്നതിന്റെ തീയതി മുതലായ എല്ലാ കാര്യങ്ങളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 3-14 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ, നാമക്കുഴി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. 241 /17-18 പ്രകാരം എസ്എസ്എ ഫണ്ട് 8,00,000/- രൂപ എസ്എസ്എ യ്ക്ക് നൽകിയിട്ടുണ്ട് (എസ്എസ്എ.യുടെ കൈപ്പറ്റ് രസീത് നം. 50003/25.10.2017).എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. അത് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# 3-15 വിനിയോഗവിവരം ലഭ്യമാക്കിയില്ല.

വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടുന്നതിന്, കേരള വാട്ടർ അതോറിറ്റി എക്സി.എഞ്ചിനിയർ, മൂവാറ്റുപുഴയ്ക്ക് താഴെപ്പറയുന്ന ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. പൂർത്തീകരണവിവരം ഫയലിൽ ഇല്ല.

| ബിൽ നം./ ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|
| 52/28-02-18 | 41000 | ഡിവിഷൻ 5ൽ പൈപ്പ്ലൈൻ നീട്ടുന്നതിന് |
| 54/21-03-18 | 516000 | ഡിവിഷൻ1,2,4,10,15,24 ൽ പൈപ്പ്ലൈൻ നീട്ടുന്നതിന് |
| 700711/28-10-17 | 44000 (തനത് ഫണ്ട്) | തിരുവൈക്കത്താഴം ബ്രാഞ്ച് പൈപ്പ്ലൈൻ നീട്ടുന്നതിന് |
| 701550/12-2-18 | 80000 (തനത് ഫണ്ട്) | ഡിവിഷൻ 17ൽ പൈപ്പ്ലൈൻ നീട്ടുന്നതിന് |
| 701789/14-3-18 | 8000 (തനത് ഫണ്ട്) | വാട്ടർ കണക്ഷൻ -അങ്കണവാടി നം 65 |
| | 689000 | |

വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

# 3-16 പെൻഷൻ ഫണ്ട് അവലോകനം

മുൻസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് 1996 പ്രകാരം നിലവിൽ വന്ന കേന്ദ്ര പെൻഷൻ ഫണ്ടിന്റെ അവലോകനം ഓഡിറ്റിന്റെ ഭാഗമായി നടത്തി. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8 തീയതി 17.12.2018) 19.12.2018 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. നിലവിൽ നഗരസഭയിൽ ഒരു പെൻഷനർ മാത്രമാണ് ഉള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് ,തസ്തിക, പെൻഷൻ പറ്റിയ സ്ഥാപനം | പെൻഷൻ പറ്റിയ തീയതി/പെൻഷൻ നമ്പർ | പെൻഷൻ തുക |
|---|---|---|---|
| 1 | കെ എൻ ശശിധരൻ, ഡ്രൈവർ, മൂവാറ്റുപുഴ നഗരസഭ | 1.3.2016, 7397 | 10280 |

2. നഗരസഭ നിലവിൽ വന്ന 2015-16 മുതൽ നാളിതു വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ശമ്പളം | പെൻഷൻ കോൺട്രിബ്യൂഷൻ | ശമ്പളത്തിന്റെ % |
|---|---|---|---|---|
| 1 | 2015-16 | 1810254 | 143994 | 7.95 |
| 2 | 2016-17 | 5790100 | 656370 | 11.33 |
| 3 | 2017-18 | 8699018 | 868438 | 9.98 |

ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നീക്കി വെച്ച് അടവാക്കേണ്ടതാണെങ്കിലും അതിൽ കുറഞ്ഞ നിരക്കിലാണ് പെൻഷൻ കോൺട്രിബ്യൂഷൻ കണക്കാക്കിയിരിക്കുന്നത്.കോൺട്രിബ്യൂട്ടറി പെൻഷൻ, മറ്റ് കാരണങ്ങൾ എന്നിവ മൂലം കോൺട്രിബ്യൂഷൻ ബാധകമല്ലാത്ത ജീവനക്കാരെ ഒഴിവാക്കി യഥാർത്ഥത്തിൽ നീക്കിവെക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. വിശദമായി പരിശോധിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

3. 2015-16 മുതൽ കേന്ദ്ര പെൻഷൻ ഫണ്ടിൽ അടവാക്കിയ തുകയുടെ വിവരം ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ രേഖ പ്രകാരം 2017-18 ൽ അടവാക്കിയ പെൻഷൻ കോൺട്രിബ്യൂഷൻ വിവരം താഴെ ചേർക്കുന്നു.

| ക്രമം നം | തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|---|
| 1 | 11.4.2017 | 13026 | എസ് ബി റ്റി - 543693 |
| 2 | 5.5.2017 | 13372 | എസ് ബി റ്റി - 543695 |
| | | 34612 | എസ് ബി റ്റി - 543696 |
| 3 | 20.5.2017 | 37484 | റ്റി എസ് ബി - 161564 |
| 4 | 8.6.2917 | 24080 | എസ് ബി എൽ ബി-464853 |
| 5 | 13.6.2017 | 80459 | എസ് ബി റ്റി - 543699 |
| 6 | 5.7.2017 | 278881 | റ്റി എസ് ബി - 1615672 |
| 7 | 14.7.2017 | 24080 | റ്റി എസ് ബി - 1615673 |
| 8 | 30.8.2017 | 282131 | എസ് ബി എൽ ബി-700236 |
| 9 | 16.2.2018 | 20418 | എസ് ബി ഐ - 920223 |

പെൻഷൻ കോൺട്രിബ്യൂഷൻ തുക അതത് മാസം അടക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് നിലവിൽ അതത് മാസം പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നുണ്ട് എന്ന് വിവരം നൽകി.

4.നഗരസഭ പെൻഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. എന്നാൽ 2017 മെയ് മുതൽ എഴുതി സൂക്ഷിക്കുന്നുണ്ട്.

5.പെൻഷൻ കോൺട്രിബ്യൂഷൻ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്.

പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി അടവാക്കേണ്ടതും പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്.

# 3-17 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

നഗരസഭയിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 12 എണ്ണം സ്വന്തം കെട്ടിടത്തിലും, 6 എണ്ണം വാടക കെട്ടിടങ്ങളിലും, 6 എണ്ണം വാടകയില്ലാതെയും പ്രവർത്തിക്കുന്നു. 22-3-2011 ലെ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ. സർക്കാർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ എല്ലാ വർഷവും മെയ് 10 നകം വാടകക്കെട്ടിടങ്ങൾ ഉൾപ്പെടെ എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ അങ്കണവാടി നം.62.പാഴൂർസ്കൂൾ- വളരെ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് അടിയന്തിരമായി നല്ല കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 701550/ 12.2.2018 | 80000 | 0 | 80000 |
| KWA | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 52/ 28.2.18 | 41000 | 0 | 41000 |
| KWA | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 54/ 21.3.2018 | 516000 | 0 | 516000 |
| KWA | ഇട്ട്യാർമല കുടിവെള്ള പദ്ധതി | 64965/ 23.7.17 | 81993 | 0 | 81993 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | സ.ഉ.നം | 21919000 | 46,10,052+ | 2580550 | 404223 | 1940502 |

| | | | | | | |
|---|---|---|---|---|---|---|
| | .1890/08 ത.സ്വ.ഭ,വ .03.07.08 2. 1275/12 ത.സ്വ.ഭ,വ. 04.05.12 | | പലിശ 404223 =5025275 | | | |
| കോ-ഓപ്പറേറ്റീവ് ബാങ്ക് -ഇഎം എസ് ഭവന പദ്ധതി | 1.480/2010 തീയതി 11-02-2010 2. 56637/ ഡി.ബി.ഐ /2013/ ത.സ്വ.ഭ.വ.- 13/09/2013 | 19107500 | 73,60,165 | 2010750 | പലിശ കേരള സർക്കാർ അടയ്ക്കുന്നു. | 53,49,415.00 |

1. കെ യു ആർ ഡി എഫ് സി ലോണിന്റെ മുന്നിരിപ്പ് ധനകാര്യപത്രിക പ്രകാരം 4621052 രൂപയാണ്. എന്നാൽ കെ യു ആർ ഡി എഫ് സി സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പ് 4610340 ആണ്.

2. ഇഎംഎസ് ലോൺ തുകയിൽ 100 രൂപ അധികമായി ധനകാര്യപത്രിക ഓപ്പണിംഗ് ബാലൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 22577/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2016-17 | ലഭ്യമാക്കിയില്ല | 1948 | സ്വരാജ് പ്രിന്റേഴ്സ് | 117010104988/ 15.1.18 |
| 2016-17 | | 20000 | അന്നക്കുട്ടി തോമസ് | 117010108363/ 27.3.18 |
| 2016-17 | | 629 | അന്നക്കുട്ടി തോമസ് | 117010108554/ 31.3.18 |
| ആകെ | | 22577 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ (ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്തെ ഉൾപ്പെടെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നില നിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നില നിൽക്കുന്നു |
| 1997-98 2000-2001 | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് | നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| (ഓഡിറ്റ് റിപ്പോർട്ട്) | | | | അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നില നിൽക്കുന്നു |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121446483 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106673862 |
| വരവിനങ്ങളിലുള്ള നഷ്ടം | 10000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60123 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1489000/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 10000 | | ശ്രീ. നവാസ്.എ, സെക്രട്ടറി – 3750/- ശ്രീ. ബി അനിൽ കുമാർ, സെക്രട്ടറി – 6250/- |
| 3-3 | | 60123 | ശ്രീ. ടോമി, മുനിസിപ്പൽ എഞ്ചിനിയർ |
| **ആകെ** | 10000 | 60123 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-14 | 8,00,000/- | മായാ ശേഖർ, പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ, നാമക്കുഴി |
| 3-15 | 689000 | ശ്രീ. ബി അനിൽ കുമാർ.സെക്രട്ടറി, പിറവം നഗരസഭ |
| ആകെ | 1489000/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-4 a | 21460/- (19314+2146) | ശ്രീ. ബി അനിൽ കുമാർ സെക്രട്ടറി |
| 2-4 b | 11540/- | ശ്രീ. നവാസ്.എ. സെക്രട്ടറി |
| 3-11 | 9546/- | ശ്രീ. നവാസ്.എ. സെക്രട്ടറി |
| 3-12 | 3,430/- | സെക്രട്ടറി |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നവാസ്.എ.സെക്രട്ടറി | സെക്രട്ടറി | പുതുവൽ വിള ഹൗസ്, ഇലവന്തി കുടവൂർ പി ഒ, തിരുവനന്തപുരം -695313 |
| ബി അനിൽ കുമാർ .സെക്രട്ടറി | നഗരസഭ സെക്രട്ടറി, പിറവം | ലക്ഷ്മി ഗോപാലം (സതി മന്ദിരം), നടുവത്തുചേരി, ചവറ സൗത്ത്. പി.ഒ., കൊല്ലം - 691584 |
| മായാ ശേഖർ, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ, നാമക്കുഴി | മൂലേത്തടത്തിൽ വീട് , ആരക്കുന്നം പി ഒ, എറണാകുളം |
| ടോമി , മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ | തുടിയംപറമ്പിൽ, മൂളക്കുളം നോർത്ത് പി ഒ,പിറവം, എറണാകുളം 686664 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20/07/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17,തീയതി05.05.2018 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പിറവം നഗരസഭയുടെ** 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1). SBT 67102642221 – Own Fund, STSB-16 -Own Fund, Punjab National Bank, Syndicate Bank (IDSMT) എന്നിവ ഒഴികെയുള്ള ഒരു ബാങ്കിന്റെയും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും റീ കൺസിലിയേഷൻ പത്രികകളും ഹാജരാക്കിയിട്ടില്ല.

2) നഗരസഭ നൽകിയിട്ടുള്ള 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക "Liability in respect of Stale Cheque " എന്ന ഹെഡ്ഡിൽപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(a) SBT 67102642221 – Own Fund - 81,36,471/-

(02/06/2010 മുതൽ 30/12/2017 വരെ)

(b) Syndicate Bank (IDSMT) - 53,26,768/-

(2015 മുതൽ 30/12/2017 വരെ)

(c) STSB-16-Own Fund - 12,576/-

(18/01/2017 മുതൽ 30/12/2017 വരെ)

3) ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം 69,62,613/- രൂപയുടെ Equity Share ഉള്ളതായി കാണുന്നു. എന്നാൽ 20,00,000/- രൂപയുടെ Share Certificate മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കി തുകയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) PMAY ഗ്രാന്റിനത്തിലും, അതിന്റെ ഗുണഭോക്തൃവിഹിതത്തിലുമായി ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം (Grants and Contributions for Specific Purposes) 7,37,25,697/- രൂപ Liability ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഈ സ്കീമിനുവേണ്ടി തുടങ്ങിയിരിക്കുന്ന AXIS Bank (A/c No.916010058552028) അക്കൗണ്ടിൽ 31.03.2018 ൽ ബി-17 ഷെഡ്യൂൾ പ്രകാരം 2,17,46,893/-രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. അതേസമയം AXIS Bank A/c പാസ്ബുക്ക് പ്രകാരം 86,71,893/- രൂപയാണ് നീക്കിയിരിപ്പ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടുമില്ല.

5) ബാലൻസ് ഷീറ്റിലെ ബി-21 ഷെഡ്യൂൾ പ്രകാരം 432 100 100, 432 120 100 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലായി യഥാക്രമം 76,01,686/-, 1,84,999/- എന്നീ തുകകൾ Provision for outstanding Property Tax ഇനത്തിലും, Provision for Outstanding Profession Tax ഇനത്തിലും ചേർത്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കിട്ടാക്കടം എഴുതിത്തള്ളാനുള്ള പ്രൊവിഷൻ കൊടുക്കുവാനുള്ള കാരണവും, ആയതിനുള്ള കൗൺസിൽ തീരുമാനവും ഹാജരാക്കിയിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**